(എ) പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിന് സഹായം നൽകുന്ന പദ്ധതികൾ നിലവിലുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി ആരംഭിച്ചത് ഏത് വർഷത്തിലാണ് ;

(സി) പ്രസ്തുത പദ്ധതിയിലൂടെ എത്ര പേർക്ക് ധനസഹായം നൽകി ; വ്യക്തമാക്കാമോ ;

(ഡി) ഒരു വിദ്യാർത്ഥിക്ക് എത്ര രൂപയാണ് സഹായമായി നൽകുന്നത് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2013-14 വർഷം.

(സി) 2013-14, 2014-15 വർഷങ്ങളിലായി 16 വിദ്യാർത്ഥികളെ ധനസഹായത്തിന് തെരഞ്ഞെടുത്തു. 9 പേർക്ക് ആനുകൂല്യം നൽകി. 7 പേർക്ക് ആനുകൂല്യം അനുവദിക്കുന്നതിനുള്ള നടപടി എടുത്തുവരുന്നു.

(ഡി) ഒരു വിദ്യാർത്ഥിയ്ക്ക് പരമാവധി 10 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു.

ഉന്നത വിദ്യാഭ്യാസത്തിന് പട്ടികവിഭാഗ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

195 (2404) ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന പ്രൊഫഷണൽ/ഉന്നത വിദ്യാഭ്യാസം നടത്തുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ ഇപ്പോൾ നൽകിവരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) ഉന്നത വിദ്യാഭ്യാസം നടത്തുന്ന പട്ടികവിഭാഗ വിദ്യാർത്ഥികൾക്ക് താമസിക്കുന്നതിന് സർക്കാർ/എയിഡഡ് കോളേജുകളിൽ ഹോസ്റ്റലുകൾ ഇല്ലാത്ത സാഹചര്യത്തിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഇവർക്കായി പകരം ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഡ്മിഷൻ ലഭിക്കുന്ന പട്ടിക വിഭാഗം വിദ്യാർത്ഥികൾക്ക് എന്തൊക്കെ സൗകര്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ് കംപ്യൂട്ടർ നൽകുമെന്ന സർക്കാർ പ്രഖ്യാപനപ്രകാരം ഓരോ വർഷവും എത്ര വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ ;

(ഇ) കഴിഞ്ഞ വർഷം നൽകേണ്ട ലാപ്ടോപ് കമ്പ്യൂട്ടറുകളുടെ വിതരണം ഇനിയും നടന്നിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണം വ്യക്തമാക്കുമോ; എന്നത്തേക്ക് ഇവയുടെ വിതരണം നടത്താൻ കഴിയുമെന്നും ഈ പദ്ധതി തുടരുവാൻ തയ്യാറാകുമോയെന്നും വിശദീകരിക്കുമോ ?

ഉത്തരം

(എ) ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് സർക്കാർ അംഗീകരിച്ച ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ്, പരീക്ഷാ ഫീസ്, ഹോസ്റ്റൽ ഫീസാനുകൂല്യങ്ങൾ, പോക്കറ്റ് മണി എന്നിവ നൽകിവരുന്നു. കൂടാതെ 1 ലക്ഷം രൂപയിൽത്താഴെ കുടുംബ വാർഷിക വരുമാനമുള്ള പട്ടികജാതിവിഭാഗം വിദ്യാർത്ഥികൾ എം.ബി.ബി.എസ്.,ബി.ഡി.എസ്.എന്നീ കോഴ്സുകൾക്ക് പ്രവേശനം നേടിയാൽ 10,000 രൂപ, എഞ്ചിനീയറിംഗ് പ്രവേശനം നേടിയാൽ 5,000 രൂപ എന്നീ നിരക്കിൽ പ്രാരംഭ ചെലവിനുള്ള ഗ്രാന്റ് നൽകിവരുന്നു. ഒന്നാം വർഷ എം.ബി.ബി.എസ്. വിദ്യാർത്ഥികൾക്ക് 5,800 രൂപ ക്രമത്തിൽ സ്റ്റെതസ്കോപ്പ് വാങ്ങുന്നതിനുള്ള ഗ്രാന്റ് കഴിഞ്ഞ അദ്ധ്യയന വർഷം അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) ഹോസ്റ്റൽ സൗകര്യം ഇല്ലാത്ത കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ, പോസ്റ്റ് മെട്രിക് ഹോസ്റ്റലിൽ പ്രവേശനത്തിന് അപേക്ഷിച്ചിട്ട് പ്രവേശനം ലഭ്യമാകാത്തവർ സ്വന്തം നിലയ്ക്ക് സ്ഥാപനത്തിനടുത്ത് താമസിച്ച് പഠിക്കുകയാണെങ്കിൽ 1500 രൂപ ബോർഡിംഗ് ഗ്രാന്റായി അനുവദിച്ചു വരുന്നു.

(സി) സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പൊതു പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് മെമ്മോ പ്രകാരം അഡ്മിഷൻ ലഭിക്കുന്ന പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യത്തിന് പുറമെ ഹോസ്റ്റൽ സൗകര്യവും ലഭ്യമാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുമെന്ന സർക്കാർ പ്രഖ്യാപന പ്രകാരം 2012-13 വർഷം മാത്രമാണ് വിതരണം നടന്നിട്ടുള്ളത്. ആയത് നൽകിയ വിദ്യാർത്ഥികളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

ജില്ല	എണ്ണം
തിരുവനന്തപുരം	615
കൊല്ലം	344
പത്തനംതിട്ട	151
ആലപ്പുഴ	278
കോട്ടയം	224
ഇടുക്കി	119
എറണാകുളം	670
തൃശ്ശൂർ	359
പാലക്കാട്	251
മലപ്പുറം	127
കോഴിക്കോട്	352
വയനാട്	38
കണ്ണൂർ	141
കാസർഗോഡ്	81
ആകെ	3750 എണ്ണം

(ഇ) ഉണ്ട്. ചില സാങ്കേതിക കാരണങ്ങളാലാണ് പദ്ധതി നടപ്പിലാക്കാൻ കഴിയാതിരുന്നത്. നടപ്പുവർഷം പഠനം തുടരുന്ന മുൻ വർഷത്തെ കുട്ടികളെക്കൂടി ഉൾപ്പെടുത്തി ഈ അദ്ധ്യയനവർഷം പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയായാലുടൻ ലാപ്ടോപ് വിതരണം ആരംഭിക്കുന്നതാണ്. ഈ പദ്ധതി തുടരുവാനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്.

റാന്നി നിയോജകമണ്ഡലത്തിൽ സ്വയംപര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ

196 (2405) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly